Desabhimani,30-10-2019

# കോർപറേറ്റ് അജൻഡ ജനാധിപത്യത്തെ കീഴ്പ്പെടുത്തി: ഡോ. രാജൻ ഗുരുക്കൾ



ദേശീയ വിദ്യാഭ്യാസ നയരേഖ സംബന്ധിച്ച സെമിനാർ കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ഡോ. രാജൻ ഗുരുക്കൾ ഉദ്ഘാടനം ചെയ്യുന്നു

**തൃശൂർ**

കോർപറേറ്റ് അജൻഡ ഇന്ത്യൻ ജനാധിപത്യത്തെ കീഴ്പ്പെടുത്തിയെന്ന് കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ഡോ. രാജൻ ഗുരുക്കൾ പറഞ്ഞു. ദേശീയ വിദ്യാഭ്യാസ നയരേഖ സംബന്ധിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേന്ദ്രസർക്കാരിന്റെ പുതിയ വിദ്യാഭ്യാസ നയം കുത്തകകളുടെ ആവശ്യാനുസൃതം ഉള്ളതും സ്വതന്ത്രചിന്തയും സർഗാത്മക ഗവേഷണവും പുരോഗമനപരമായ വികസനത്തെയും തടയുന്നതുമാണ്. ഇതിനെതിരെ ശക്തമായ പ്രതികരണം പൊതുസമൂഹത്തിൽ നിന്ന് ഉയർന്നു വരണമെന്നും അദ്ദേഹം പറഞ്ഞു.

ഫോറസ്ട്രി ഡീൻ ഡോ. വിദ്യാസാഗർ അധ്യക്ഷനായി. ഫെഡറേഷൻ ഓഫ് യൂണിവേഴ്സിറ്റി ടീച്ചേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി ഡോ. പസ്സത്തിൽ, ഡോ. പ്രേമ, സി വി ഡെന്നി , ഡോ.കുഞ്ഞാമു, കെ വേലായുധൻ എന്നിവർ സംസാരിച്ചു.

കാർഷിക സർവകലാശാലയിലെ എംപ്ലോയീസ് അസോസിയേഷനും ടീച്ചേഴ്സ് ഓർഗനൈസേഷനും ചേർന്നാണ് വെള്ളാനിക്കര ഫോറസ്റ്റ്രി കോളേജിൽ സെമിനാർ സംഘടിപ്പിച്ചത്.